പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1424 22. 03. 2013- ലെ മറുപടി

ശ്രീലങ്കൻ ജയിലിൽ നിന്നുള്ള മലയാളി തടവുകാരെ
കേരള ത്തിലെ ജയിലുകളിലേക്ക് മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ശ്രീലങ്കൻ ജയിലിൽ നിന്നുള്ള മലയാളി തടവുകാരെ കേരളത്തിലെ ജയിലുകളിലേക്ക് മാറ്റാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്; വ്യക്തമാക്കുമോ; | (എ) തടവുകാരെ പരസ്പരം കൈമാറുന്നതിന് ഇന്ത്യയും ശ്രീലങ്കയും തമ്മിലുണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ , ഇന്ത്യാ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് 22/02/2013 ലെ കേരള സർക്കാരിന്റെ സ. ഉ. (സാധാ.) നമ്പർ 167/2013/ഹോം എന്ന ഉത്തരവിൻ പ്രകാരം ജയിൽ ആസ്ഥാന കാര്യാലയം ഡി. ഐ. ജി. യുടെ നേതൃത്വത്തിൽ 6 ജയിൽ ഉദ്യോഗസ്ഥന്മാർ ശ്രീലങ്കയിലേക്ക് പോവുകയും 6 മലയാളി തടവുകാരെ 27/02/2013 നും 29/02/2013 നും 01/03/2013 നും കേരളത്തിലേക്ക് കൊണ്ടുവരികയും തിരുവനന്തപുരം സെൻട്രൽ ജയിലിൽ പാർപ്പിക്കുകയും ചെയ്തു. |
| (ബി) എത്ര തടവുകാരെയാണ് കേരളത്തിലേയ്ക്ക് കൊണ്ടുവന്നത്; ഇനി എത്ര മലയാളി തടവുകാരാണ് ശ്രീലങ്കയിലെ ജയിലുകളിൽ അവശേഷിക്കുന്നത്; | (ബി) 6 തടവുകാരെയാണ് കേരളത്തിലേക്ക് കൊണ്ടുവന്നത്. കൂടുതൽ മലയാളി തടവുകാർ ഉള്ള കാര്യം ഇപ്പോൾ അറിവില്ല. |
| (സി) പാലക്കാട് ജില്ലയിൽ ആലത്തൂർ , അഞ്ചുമൂർത്തിമംഗലം നോർത്ത് വില്ലേജിൽ എം.ആർ രാജാമണി അയ്യരുടെ മകൻ ഷണ്മുഖ സുന്ദരം എന്നയാൾ ശ്രീലങ്കൻ ജയിലിലുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; | (സി) വിവരം ലഭിച്ചിട്ടില്ല. |
| (ഡി) ഉണ്ടെങ്കിൽ അദ്ദേഹത്തെ കേരളത്തിലെ ജയിലിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) അപ്രകാരം വിവരം ലഭിക്കുകയാണെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ